# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>കൊടുംകാടുകളിൽ കഴിയുന്ന ആദിവാസികൾ</u>

5489 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊടുംകാടുകളിൽ കഴിയുന്ന ആദിവാസികളെ പുറംലോകവുമായി ബന്ധമുള്ള സ്ഥലങ്ങളിലേക്ക് മാറ്റി താമസിപ്പിക്കുന്നതിന് 2011-12, 2012-13, 2013-14 വർഷങ്ങളിലെ ബജറ്റുകളിൽ ഫണ്ട് വകയിരുത്തിയിരുന്നോ;

(ബി) ഉണ്ടെങ്കിൽ എത്രയാണ് എന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ ഒരു കുടുംബത്തിന് എത്ര രൂപ വരെ ചെലവഴിക്കാനാണ് പദ്ധതിയുള്ളത്;

(ഡി) ഇതിലൂടെ നാളിതുവരെ എത്ര തുക ചെലവഴിച്ചു എന്നും, എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചുവെന്നും വിശദമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പദ്ധതികൾ</u>

5490 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കായുള്ള പദ്ധതിയുടെ പുരോഗതിയുടെ വിശദാംശം വ്യക്തമാക്കാമോ ; നാളിതുവരെ എന്തെല്ലാം പദ്ധതികളാണ് പൂർത്തീകരിച്ചിട്ടുള്ളത് ;

(ബി) ഏതെല്ലാം വിഭാഗങ്ങൾക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിയിട്ടുള്ളത് ; വിശദാംശം നൽകുമോ ;

(സി) പ്രസ്തുത പദ്ധതിയ്ക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് ; ഇതിൻപ്രകാരം ചെലവഴിച്ച തുക എത്ര ; പദ്ധതി തിരിച്ചുള്ള വിശദാംശം നൽകുമോ ;

(ഡി) സമയബന്ധിതമായി പ്രസ്തുത പദ്ധതി പൂർത്തീകരിക്കാനാവുമോ ; എങ്കിൽ വിശദാംശം നല്കുമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കിയതിലൂടെ ഈ വിഭാഗങ്ങൾക്ക് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>മിഷൻ 676-ൽ ഉൾപ്പെട്ട പട്ടികവർഗ്ഗക്ഷേമ പദ്ധതികൾ</u>

5491 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

മിഷൻ 676 പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾക്ക് എന്തു തുക ആവശ്യമായി വരുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സംസ്ഥാന ഫണ്ട് ഉപയോഗിച്ച് പട്ടികവർഗ്ഗക്ഷേമ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ</u>

5492 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റെടുത്തശേഷം നാളിതുവരെ പട്ടികവർഗ്ഗക്ഷേമ വകുപ്പിൽ സംസ്ഥാന സർക്കാരിന്റെ ഫണ്ട് മാത്രം വിനിയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളെ സംബന്ധിച്ച്, വകുപ്പ്, പദ്ധതി, തുക, ജില്ല എന്നിവ തിരിച്ചുള്ള വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ആദിവാസിവിഭാഗങ്ങളുടെ ഉന്നമനം

5493 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെയുള്ള ആദിവാസികൾ എത്രയാണെന്ന് വിശദമാക്കുമോ;

(ബി) 1980 മുതൽ ആദിവാസി വിഭാഗങ്ങളുടെ ഉന്നമനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;

(സി) ഭൂരഹിതരോ ഭവനരഹിതരോ ആയ എത്ര ആദിവാസി കുടുംബങ്ങൾ കേരളത്തിലുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ഭവനരഹിതരായ പട്ടിക വർഗ്ഗ കുടുംബങ്ങൾ</u>

5494 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്; ജില്ല തിരിച്ചുള്ള വിവരങ്ങൾ നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബക്കാർക്ക് എത്രമാത്രം ഭൂമി വീതമാണ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കുടുംബങ്ങൾക്ക് വീടുകൾ നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഡി) 2006-07 കാലഘട്ടം മുതൽ 2013-14 വരെയുള്ള വർഷം തിരിച്ചുള്ള ഭൂമി വിതരണത്തിന്റേയും ഭവനനിർമ്മാണത്തിന്റേയും വിശദവിവരങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ഗിരിവികാസ് പദ്ധതി

5495 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, വി. പി. സജീന്ദ്രൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, ജോസഫ് വാഴക്കൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളിൽ ഗിരിവികാസ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>സ്വയംപര്യാപ്ത പട്ടികവർഗ്ഗ കോളനികൾ</u>

5496 ശ്രീ. ഇ.പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്ത പട്ടികവർഗ്ഗ കോളനികൾ സ്ഥാപിക്കുന്നതിന് 2013-14-ൽ എത്ര തുക നീക്കിവച്ചു;

(ബി) ഏതെല്ലാം ജില്ലകളിലെ ഏതെല്ലാം പട്ടികവർഗസങ്കേതങ്ങളാണ് ഇതിനായി തെരഞ്ഞെടുത്തത്;

(സി) സ്വയംപര്യാപ്ത പട്ടികവർഗസങ്കേതങ്ങൾ സ്ഥാപിക്കുന്നതിനായി 2014-2015-ൽ എത്ര തുക ചെലവഴിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ഡി) ഇതിനായി പട്ടികവർഗസങ്കേതങ്ങൾ തെരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡമെന്തൊക്കെയാണ്;

(ഇ) 2014-2015-ൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന പട്ടികവർഗസങ്കേതങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>വനവിഭവങ്ങൾ മൂല്യവർദ്ധിതമാക്കി വരുമാനം വർദ്ധിപ്പിക്കൽ</u>

5497 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആദിവാസികൾ വനത്തിൽ നിന്നും ശേഖരിച്ച് കൊണ്ടുവരുന്ന വിഭവങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന് പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന് എന്തെല്ലാം പദ്ധതികളാണുള്ളതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

## പട്ടികവര്‍ഗ്ഗവിഭാഗക്കാര്‍ക്ക് തൊഴില്‍ അധിഷ്ഠിത വിദ്യാഭ്യാസം

5498 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വിഭാഗക്കാര്‍ക്ക് തൊഴില്‍ അധിഷ്ഠിത വിദ്യാഭ്യാസം നല്‍കുന്നതിനുവേണ്ടി നിലവില്‍ എന്തൊക്കെ സംവിധാനങ്ങളാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുക്കാട് എച്ചിപ്പാറ ട്രൈബല്‍ സ്കൂളില്‍ ആവശ്യമായ കെട്ടിടം നിര്‍മ്മിച്ചു നല്‍കിയാല്‍ പ്രസ്തുത സ്ഥലത്ത് തൊഴിലധിഷ്ഠിത പരിശീലനം നല്‍കുവാനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>അഭ്യസ്തവിദ്യരും തൊഴിൽരഹിതരുമായ പട്ടികവർഗ്ഗ യുവതിയുവാക്കൾ</u>

5499 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരായ എത്ര പട്ടികവർഗ്ഗ യുവതീ-യുവാക്കൾ ഉള്ളതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്

(ബി) ഇതിൽ എസ്.എസ്.എൽ.സി/പ്ലസ്ടു, ഡിഗ്രി, പി.ജി, പ്രൊഫഷണൽ ഡിഗ്രി ഉള്ളവർ എത്ര പേർ വീതമുണ്ട്;

(സി) അഭ്യസ്തവിദ്യരായ എത്ര പേർ തൊഴിൽ രഹിതരായിട്ടുണ്ട്;

(ഡി) തൊഴിൽരഹിതർക്ക് സംസ്ഥാന, ദേശീയ മത്സര പരീക്ഷകളിൽ പങ്കെടുക്കുന്നതിനും വിജയം കരസ്ഥമാക്കുന്നതിനും എന്തെല്ലാം സഹായങ്ങളാണ് വകുപ്പുമുഖേന ചെയ്തുകൊടുക്കുന്നതെന്ന വിശദാംശം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗത്തിലെ തൊഴിൽരഹിതരായ
യുവതികൾക്ക് ഓട്ടോറിക്ഷ നല്കുന്ന പദ്ധതി</u>

5500 ശ്രീ. പി.കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവിഭാഗത്തിലെ തൊഴിൽരഹിതരായ യുവതികൾക്ക് ഓട്ടോറിക്ഷ നൽകുന്ന പദ്ധതിയിൻകീഴിൽ സംസ്ഥാനത്തെ ആദിവാസിമേഖലകളിൽനിന്നും ഗുണഭോക്താക്കളെ എങ്ങനെയാണ് കണ്ടെത്തുന്നത്;

(ബി) ഏറനാട് മണ്ഡലത്തിലെ പട്ടികവർഗ്ഗവിഭാഗങ്ങളിൽ എത്രപേരെയാണ് ടി പദ്ധതിക്കായി തിരഞ്ഞെടുത്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

ആദിവാസി മേഖലയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം

5501 ശ്രീ. എ. കെ. ബാലൻ
,, പി. റ്റി. എ. റഹിം
,, വി. ചെന്താമരാക്ഷൻ
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലയിലുള്ള കുട്ടികൾക്ക് വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമാണോയെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പല ആദിവാസി മേഖലയിലുമുള്ള കുട്ടികൾ വളരെ ദുർഘടം പിടിച്ച വഴിയിലൂടെ യാത്ര ചെയ്ത് വിദ്യാലയത്തിൽ എത്തിച്ചേരേണ്ട സാഹചര്യം ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ആദിവാസി മേഖലയിലെ എല്ലാ കുട്ടികൾക്കും നല്ല രീതിയിലുള്ള വിദ്യാഭ്യാസം ലഭ്യമാക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സ്റ്റുഡന്റ് ഡോക്ടർ പദ്ധതി</u>

5502 ശ്രീ. വി. പി. സജീന്ദ്രൻ
'' ഐ. സി. ബാലകൃഷ്ണൻ
'' അൻവർ സാദത്ത്
'' കെ. മുരളീധരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി സ്കൂളുകളിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് സ്റ്റുഡന്റ് ഡോക്ടർ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കുമോ;

(സി) പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) എന്ന് മുതലാണ് പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ; എന്തെല്ലാം;

(ഇ) ഏതെല്ലാം ഏജൻസികളാണ് പദ്ധതിയുമായി സഹകരിക്കുന്നതെന്ന് വിശദമാക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>ആദിവാസിവൈദ്യം</u>

5503 ശ്രീ. അബ്ദുറഹിമാന്‍ രണ്ടത്താണി
,, പി. ബി. അബ്ദുള്‍ റസാക്
,, എന്‍. എ. നെല്ലിക്കുന്ന്
,, വി. എം. ഉമ്മര്‍ മാസ്റ്റര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ആദിവാസിവൈദ്യം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ;

(ബി) ഇവരുടെ ചികിത്സാരീതിക്ക് പേറ്റന്റ് നേടിക്കൊടുക്കുന്ന കാര്യത്തില്‍ എന്തൊക്കെ സഹായങ്ങള്‍ നല്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആദിവാസി വംശീയ വൈദ്യന്മാരുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; സജീവമായി ചികിത്സ നടത്തുന്നവരുടെ വിശദവിവരം നല്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗമേഖലകളിൽ മൊബൈൽ ഹോമിയോപ്പതി യൂണിറ്റുകൾ</u>

5504 ശ്രീ. വി. പി. സജീന്ദ്രൻ
,, ഐ. സി. ബാലകൃഷ്ണൻ
,, കെ. അച്ചുതൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ മേഖലകളിൽ മൊബൈൽ ഹോമിയോപ്പതി യൂണിറ്റുകൾ ആരംഭിക്കുന്നതിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിവഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതി നിർവ്വഹണത്തിന് ഭരണതലത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ശിശു മരണങ്ങൾ</u>

5505 ശ്രീ. ഇ. പി. ജയരാജൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എം. ഹംസ
,, ബി.ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഗുരുതര വീഴ്ച വരുത്തിയെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എൻ.ആർ.എച്ച്.എം. നടത്തിയ സർവ്വേയിൽ പോഷകാഹാരക്കുറവുമൂലം ഗുരുതരാവസ്ഥയിലായ നിരവധി കുട്ടികളെ കണ്ടെത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ശിശുമരണങ്ങളടക്കം അട്ടപ്പാടിയിൽ ആദിവാസികൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിന് പ്രഖ്യാപിച്ച പദ്ധതികൾ ആദിവാസികൾക്ക് യാതൊരു പ്രയോജനവും നൽകിയില്ല എന്ന തരത്തിലുള്ള സർവ്വെ റിപ്പോർട്ട് അട്ടപ്പാടി പാക്കേജ് നടപ്പിലാക്കിയതിലെ വീഴ്ചമൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വകുപ്പുകളുടെ ഏകോപനമില്ലായ്മ കാരണം കുട്ടികളും ഗർഭിണികളുമടക്കമുള്ള ആദിവാസികൾക്ക് പ്രയോജനകരമായ രീതിയിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് സാധിക്കാതെ വന്നതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

പട്ടികവര്‍ഗ്ഗത്തില്‍പ്പെട്ട അമ്മമാര്‍, കുഞ്ഞുങ്ങള്‍, ഗര്‍ഭിണികള്‍ എന്നിവരുടെ ആരോഗ്യ സംരക്ഷണം

5506 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്
,, സി. മമ്മൂട്ടി
,, വി.എം. ഉമ്മര്‍ മാസ്റ്റര്‍
,, എന്‍. ഷംസുദ്ദീന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ച ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗത്തില്‍പെട്ട അമ്മമാരുടെയും, കുഞ്ഞുങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിനും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും കഴിഞ്ഞ വര്‍ഷം എന്തു തുക ചെലവഴിച്ചു; എത്ര അമ്മമാര്‍ക്കും കുഞ്ഞുങ്ങള്‍ക്കും ഇതിന്റെ പ്രയോജനം ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) ഗര്‍ഭിണികളുടെ ആരോഗ്യരക്ഷയ്ക്ക് പുതിയ പദ്ധതികളേതെങ്കിലും ആവിഷ്ക്കരിച്ചു നടപ്പാക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>അട്ടപ്പാടിയിലെ ന്യൂട്രീഷൻ റിഹാബിലിറ്റേഷൻ സെന്ററുകൾ</u>

5507 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിൽ പോഷാകാഹാര കുറവുമൂലമുള്ള ആരോഗ്യ പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്ന കുട്ടികൾക്കായി ന്യൂട്രീഷ്യൻ റിഹാബലിറ്റേഷൻ സെന്ററുകൾ തുടങ്ങാൻ തീരുമാനിച്ചിരുന്നോ ; എപ്പോഴാണ് തീരുമാനിച്ചത് ;

(ബി) ഇത് എപ്പോഴാണ് നടപ്പാക്കി തുടങ്ങിയത് ;

(സി) എത്ര സെന്ററുകൾ എവിടെയെല്ലാം ആരംഭിച്ചു ;

(ഡി) പ്രസ്തുത സെന്ററുകളിലൂടെ എത്ര കുട്ടികൾക്ക് ആഹാരം നൽകാനാണ് ലക്ഷ്യമിട്ടത് ; എത്ര കുട്ടികൾക്ക് ഇതുവരെ നൽകാൻ കഴിഞ്ഞു ;

(ഇ) തുടങ്ങിയ എല്ലാ സെന്റുകളും ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ; എത്ര സെന്ററുകൾ ഇപ്പൊൾ പ്രവർത്തിക്കുന്നുണ്ട് ;

(എഫ്) സെന്ററിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായിരുന്നു എന്ന് കരുതുന്നുണ്ടോ ; ഇല്ലെങ്കിൽ എന്തായിരുന്നു ന്യൂനതകൾ എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ഭവന നിർമ്മാണം</u>

5508 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, കെ. അജിത്
,, വി. ശശി
,, ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നവർക്ക് ഭവന നിർമ്മാണത്തിനായി വീടൊന്നിന് എത്ര തുകയാണ് പട്ടികവർഗ്ഗ ക്ഷേമ വകുപ്പിൽനിന്നും അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികവർഗ്ഗക്കാർക്കായി ത്രിതല പഞ്ചായത്തുകളിൽ ഭവന നിർമ്മാണ പദ്ധതികളുണ്ടോ; എങ്കിൽ അവ ഏതെല്ലാം. പ്രസ്തുത പദ്ധതിവഴി ഭവന നിർമ്മാണത്തിന് എത്ര തുക അനുവദിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പട്ടിക വർഗ്ഗ ക്ഷേമ വകുപ്പിൽനിന്നും ത്രിതല പഞ്ചായത്തുകളിൽനിന്നും അനുവദിക്കുന്ന തുകയ്ക്ക് വ്യത്യാസമുണ്ടോ;

(ഡി) ഭവന രഹിതരായ മുഴുവൻ പട്ടികവർഗ്ഗകാർക്കും ഭവനം നിർമ്മിച്ച് നൽകുന്നതിന് എത്രകാലംവേണ്ടിവരുന്നമെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>വയനാട് ജില്ലയിൽ ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടിയുള്ള പദ്ധതി</u>

5509 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും
മൃഗശാലകളും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഭൂരഹിത ആദിവാസികളുടെ പുനരധിവാസത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി 2010-ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വയനാട് ആദിവാസി പുനരധിവാസ വികസന മിഷന് പ്രസ്തുത ആവശ്യത്തിലേക്ക് നൽകിയ തുകയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) ഭൂമി ഏറ്റെടുക്കുന്നതിനുവേണ്ടി പ്രസ്തുത തുക വിനിയോഗിച്ചിട്ടുണ്ടോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) നിർദ്ദിഷ്ഠ പുനരധിവാസ പദ്ധതി നടപ്പിലാക്കിയില്ലെങ്കിൽ അതിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(എഫ്) അനുവദിച്ച തുക ഉപയോഗയോഗ്യമാക്കിയിട്ടില്ലെങ്കിൽ ആയത് ഇപ്പോൾ ഏത് അക്കൗണ്ടിൽ നിലനിറുത്തിയിട്ടുണ്ടെന്നു വ്യക്തമാക്കാമോ;

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>ആദിവാസികൾക്കായി വാങ്ങിയതിൽ 1530 ഹെക്ടർ സ്ഥലത്ത് മറ്റു കൃഷി</u>

5510 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി നൽകി പുനരധിവസിപ്പിക്കുന്നതിനായി വാങ്ങിയ സ്ഥലത്തിൽ ഫാമായി നിലനിർത്തിയിട്ടുള്ള 1530 ഹെക്ടർ സ്ഥലത്ത് മറ്റെന്തെങ്കിലും കൃഷി ചെയ്യുന്നുണ്ടോ;

(ബി) ഇത്തരത്തിലുള്ള കൃഷി ചെയ്യാൻ അനുമതി അവിടത്തെ ഫാമിങ് കോർപ്പറേഷന് നൽകിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ മറ്റ് കൃഷി നടത്താൻ കരാറുകാരെ കണ്ടെത്തിയതിന്റെ നടപടിക്രമം വിശദീകരിക്കാമോ;

(ഡി) ആർക്കൊക്കെയാണ് ഇത്തരത്തിൽ ഇടവിള കൃഷി നടത്താൻ കരാർ നൽകിയിട്ടുള്ളതെന്നും അവർക്ക് ഓരോരുത്തർക്കും നൽകിയിട്ടുള്ള ഭൂവിസ്തൃതിയും വ്യക്തമാക്കാമോ; ഈ കരാറുകാരിൽ /പട്ടികവർഗ്ഗക്കാർ എത്ര പേർ ഉണ്ടെന്ന് പറയാമോ;

(ഇ) പ്രസ്തുത കരാറിലെ വ്യവസ്ഥകൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ; ഇത്തരത്തിൽ കരാർ നൽകിയത് വഴി ആദിവാസിക്ഷേമം ഉറപ്പാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

ആദിവാസികൾക്ക് നൽകിയ ഭൂമി കൈയ്യേറ്റം

5511 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ആദിവാസികൾക്ക് നൽകാൻ/നൽകിയ ഭൂമി കൈയ്യേറി കൃഷി നടത്തുന്നത് എവിടെയെല്ലാമാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പൂക്കോട് എം. ആർ. എസ്. കെട്ടിടത്തിന്റെ നിർമ്മാണം</u>

5512 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൂക്കോട് എം. ആർ. എസ്. കെട്ടിടത്തിന്റെ നിർമ്മാണത്തിന് ഭരണാനുമതി ലഭിച്ചുവോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കെട്ടിടത്തിന്റെ സാങ്കേതികാനുമതി ലഭിക്കുന്നതിനുള്ള നടപടിക്രമം പൂർത്തികരിച്ചോ; വിശദമാക്കുമോ;

(സി) പൂക്കോട് എം. ആർ.എസ്. കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പ്രീമെട്രിക് ഹോസ്റ്റൽ, എം.ആർ.എസ്സ് എന്നിവയ്ക്ക് കെട്ടിട നിർമ്മാണം</u>

5513 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗവികസന വകുപ്പിനു മുന്നിൽ എത്ര പ്രീമെട്രിക് ഹോസ്റ്റലുകൾ നിർമ്മാണത്തിന്റേയും എം.ആർ.എസ്. നിർമ്മാണത്തിന്റേയും പ്രൊപ്പോസലുകൾ നിലവിലുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരങ്ങൾ നൽകുമോ;

(ബി) പാലക്കാട് ജില്ലയിൽ മേൽപ്രകാരം എത്ര പ്രൊപ്പോസലുകൾ നിലവിലുണ്ട്; വിശദവിവരങ്ങൾ നൽകുമോ;

(സി) സമയബന്ധിതമായി ടി കെട്ടിടങ്ങളുടെ പണി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) കെട്ടിടങ്ങൾ പണിയുന്നതിന് ഭൂമി വിട്ടുകിട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ഇ) മുൻകാലങ്ങളിൽ ഭൂമി ലഭിച്ചിട്ടുള്ളതിന്റെ ഉത്തരവുകൾ വകുപ്പിൽ ലഭ്യമാകുമോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പുകൾ നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>പൂക്കോട് റസിഡൻഷ്യൽ സ്കൂൾ വയനാട് ജില്ല</u>

5514 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ പൂക്കോട് മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നാണ് ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്കൂൾ താൽക്കാലികമായി പ്രവർത്തനമാരംഭിച്ചത് എവിടെയാണെന്നും ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ 1999-ൽ ഭരണാനുമതി നൽകിയതിന്റെയും 2000-ൽ പട്ടികവർഗ്ഗവികസന വകുപ്പിന് ഭൂമി കൈമാറിയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) നിലവിൽ സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ടോ; ഇല്ലെങ്കിൽ കാലതാമസത്തിനുള്ള കാരണങ്ങൾ വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>പനത്തടിയിലും പരപ്പയിലും പ്രീമെട്രിക് ഹോസ്റ്റലുകള്‍</u>

5515 ശ്രീ. ഇ. ചന്ദ്രശേഖരന്‍

താഴെ കാണുന്ന ചോദ്യത്തിന്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

പട്ടികവര്‍ഗ്ഗ വിഭാഗം ഏറെ താമസിക്കുന്ന പനത്തടിയിലും പരപ്പയിലും പ്രീമെട്രിക് ഹോസ്റ്റലുകള്‍ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**കേരള നിയമസഭ**
**01.07.2014-ലെ മറുപടിക്ക്**

<u>കുണ്ടംകുഴിയിൽ പെൺ കുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ</u>

5516 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ കുണ്ടംകുഴിയിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്കായി പ്രീമെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിന് സർക്കാർ ഭൂമി ലഭ്യമാക്കിയിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) വകുപ്പിന് ഭൂമി ലഭ്യമാക്കിയിട്ട് എത്ര വർഷമായി ; പ്രസ്തുത സ്ഥലത്ത് ഹോസ്റ്റൽ നിർമ്മിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

നൂല്‍പ്പുഴ സ്കൂള്‍, ഹൈസ്ക്കൂള്‍ ആയി ഉയര്‍ത്തുന്നതും അതോടനുബന്ധിച്ചുള്ള ഹോസ്റ്റല്‍ നിര്‍മ്മാണവും

5517 ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടിക വര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടികവര്‍ഗ്ഗ വികസന വകുപ്പിനുകീഴിലുള്ള നൂല്‍പ്പുഴ സ്കൂള്‍ എപ്പോഴാണ് ഹൈസ്ക്കൂളായി ഉയര്‍ത്തിയതെന്ന് വ്യക്തമാക്കാമോ;

(ബി) ആണ്‍കുട്ടികള്‍ക്കും പെണ്‍കുട്ടികള്‍ക്കും വേണ്ടി പ്രത്യേക ഹോസ്റ്റലുകള്‍ നിര്‍മ്മിക്കാന്‍ 2000 ആഗസ്റ്റില്‍ ഭരണാനുമതി നല്‍കിയിരുന്നോ; എങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഹോസ്റ്റലുകളുടെ നിര്‍മ്മാണം എപ്പോഴാണ് നൂറ് ശതമാനവും പൂര്‍ത്തിയാക്കിയതെന്ന് വ്യക്തമാക്കാമോ; പൂര്‍ത്തിയാക്കിയിട്ടില്ലെങ്കില്‍ അതിനുള്ള കാരണങ്ങള്‍ വ്യക്തമാക്കാമോ;

(ഡി) കുട്ടികളുടെ വര്‍ദ്ധനവനുസരിച്ച് പുതിയ ഹോസ്റ്റലുകള്‍ നിര്‍മ്മിക്കുവാന്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടെങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ;

(ഇ) പുതിയ ഹോസ്റ്റലുകള്‍ നിര്‍മ്മിക്കുന്നില്ലെങ്കില്‍ നിലവിലുള്ള ഹോസ്റ്റലില്‍ കുട്ടികളുടെ വര്‍ദ്ധനവനുസരിച്ച് അടിസ്ഥാന സൗകര്യങ്ങള്‍ വര്‍ദ്ധിപ്പിക്കുവാന്‍ നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ</u>

5518 ശ്രീ. ഇ. ചന്ദ്രശേഖരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പട്ടികവർഗ്ഗവികസന വകുപ്പിനു കീഴിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ പഞ്ചായത്ത്, പദ്ധതി, തുക, പ്രവൃത്തിയുടെ പുരോഗതി എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) ഫണ്ട് അനുവദിച്ചിട്ടും പണി പൂർത്തീകരിക്കാത്ത പ്രവൃത്തികൾ കൂടുതലായുള്ളത് ഏതൊക്കെ പഞ്ചായത്തുകളിലാണെന്ന് വിശദമാക്കാമോ;

(സി) പണി പൂർത്തീകരിക്കാൻ കാലതാമസം വരുന്നത് എന്തൊക്കെ കാരണങ്ങളാലാണെന്ന് വ്യക്തമാക്കാമോ;

(ഡി) കോർപ്പസ് ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളിൽ മാവോയിസ്റ്റുകളുടെ മുതലെടുപ്പ്</u>

5519 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി/പട്ടികവർഗ്ഗ മേഖലകളിൽ ഇവരുടെ ഭൗതിക സാഹചര്യങ്ങളുടെ ശോച്യാവസ്ഥ ചൂഷണം ചെയ്ത് മാവോയിസ്റ്റുകൾ മുതലെടുപ്പ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇവരുടെ ജീവിത നിലവാരം ഉയർത്തി ഇത്തരത്തിലുള്ള ചൂഷണങ്ങൾ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നറിയുമോ;

(സി) ഇതു സംബന്ധിച്ച് വകുപ്പ് തലത്തിൽ എന്തെങ്കിലും വിധത്തിലുള്ള അന്വേഷണമോ പഠനമോ നടത്തിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അന്വേഷണ/പഠനങ്ങൾ നടത്തി നിജസ്ഥിതി ബോദ്ധ്യപ്പെടുത്തുന്നതിനും പരിഹാരം കാണുന്നതിനുമുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

താമരക്കുളം വാർഡിലെ സഞ്ചാരയോഗ്യമല്ലാത്ത റോഡുകൾ

5520 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജകമണ്ഡലത്തിൽ താമരക്കുളം ഗ്രാമപഞ്ചായത്ത് പത്താം വാർഡിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾ താമസിക്കുന്ന പ്രസ്തുത പ്രദേശത്ത് റോഡുകൾ സഞ്ചാരയോഗ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇവിടെ മേലടത്ത് ജംഗ്ഷൻ മുതൽ മഠത്തിൽകാവ് ജംഗ്ഷൻ വരെയുള്ള ഭാഗം റോഡ് പുനരുദ്ധാരണത്തിനാവശ്യമായ തുക പട്ടികവർഗ്ഗക്ഷേമ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഡി) ഈ പ്രദേശത്തിന്റെ വികസനത്തിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ
ദേശീയ സാഹസിക അക്കാദമി

5521 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ദേശീയ സാഹസിക അക്കാദമി സ്ഥാപിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(സി) യുവാക്കളിൽ സാഹസികത വളർത്തുക, സാഹസിക കർമ്മശേഷി ജന നന്മയ്ക്ക് വിനിയോഗിക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിറുത്തി എന്തെല്ലാം കാര്യങ്ങളാണ് അക്കാദമിയുടെ പ്രവർത്തനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) അക്കാദമിയുടെ കീഴിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നത്; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

യുവജന കമ്മീഷന്റെയും യുവജന ബോർഡിന്റെയും ശാക്തീകരണം

5522 ശ്രീ. മോൻസ് ജോസഫ്
,, സി. എഫ്. തോമസ്
,, റ്റി. യു. കുരുവിള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ കാലഘട്ടത്തിന്റെ വെല്ലുവിളികളെ നേരിടുന്നതിന് യുവജനങ്ങൾക്കായി എന്തെല്ലാം പുതിയ പദ്ധതികൾ ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ;

(ബി) യുവജന കമ്മീഷനെയും, യുവജന ബോർഡിനെയും ശക്തിപ്പെടുത്തുവാൻ കൂടുതൽ സാമ്പത്തിക-ഭരണപരമായ സഹായങ്ങൾ നൽകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) സ്കൂൾ, കോളേജ് തലങ്ങളിൽ യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വർഷാവർഷം വിവിധ വിഷയങ്ങളെ സംബന്ധിച്ച് ബോധവത്കരണം നടത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജീവദായിനി പദ്ധതി</u>

5523 ശ്രീ. വി. റ്റി. ബൽറാം
,, ഹൈബി ഈഡൻ
,, പി. സി. വിഷ്ണുനാഥ്
,, ഷാഫി പറമ്പിൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ജീവദായിനി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാം ; വിശദമാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയുമായി ആരെല്ലാമാണ് സഹകരിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിനായി എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്നറിയിക്കാമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം</u>

5524 ശ്രീ. ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വി.റ്റി. ബൽറാം
,, പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പരിസ്ഥിതി ദിനാചരണം പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്നറിയിക്കാമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്;

(ഡി) ആരെല്ലാമാണ് പ്രസ്തുത പരിപാടികളുമായി സഹകരിച്ചത്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ജൈവ പച്ചക്കറി തോട്ടം</u>

5525 ശ്രീ. ഷാഫി പറമ്പിൽ
'' പി. സി. വിഷ്ണുനാഥ്
'' ഹൈബി ഈഡൻ
'' വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമബോർഡിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ ജൈവ പച്ചക്കറി തോട്ടം പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) ഏതെല്ലാം സ്കൂളുകളിലാണ് പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകാമോ;

(ഡി) പദ്ധതി നടപ്പാക്കാനുള്ള തുക കണ്ടെത്തുന്നത് എങ്ങനെയാണ്; വിശദാംശങ്ങൾ നൽകാമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ</u>

5526 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2014-15 വർഷത്തിൽ യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ സംസ്ഥാനത്ത് നടത്തുവാൻ ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ കലാലയങ്ങൾ കേന്ദ്രീകരിച്ചു പാരിസ്ഥിതിക അവബോധം വളർത്തുന്നതിനും, മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപഭോഗശീലം തടയുന്നതിനും ഉതകുന്ന പ്രത്യേക പ്രചരണ പരിപാടികളും ക്യാമ്പുകളും പ്രസ്തുത പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉൾപ്പെടുത്തുമോ;

(സി) 2014-15 സാമ്പത്തിക വർഷത്തിൽ യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി മാറ്റിവെച്ച ആകെ തുക എത്രയാണെന്ന് അറിയിക്കുമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>യുവജനമേളകൾ സംഘടിപ്പിക്കൽ</u>

5527 ശ്രീ. മാത്യു റ്റി. തോമസ്
,, സി. കെ. നാണു
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീല പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ ആഭിമുഖ്യത്തിൽ 2011-12, 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ യുവജന മേളകൾ സംഘടിപ്പിച്ചിരുന്നോ;

(ബി) എങ്കിൽ ഏതൊക്കെ തലങ്ങളിലാണ് പ്രസ്തുത മേളകൾ സംഘടിപ്പിച്ചിരുന്നത്;

(സി) പ്രസ്തുത മേളകളോടനുബന്ധിച്ചുള്ള മത്സരങ്ങളിൽ ഓരോ തലത്തിലും എത്ര യുവാക്കൾ പങ്കെടുത്തു; പ്രസ്തുത മേളകളുടെ നടത്തിപ്പിന് എത്ര തുക വീതം ചിലവഴിച്ചു; വ്യക്തമാക്കാമോ;

(ഡി) ചെലവഴിക്കപ്പെട്ട തുകയിൽ സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റ് വിഹിതമായി ഓരോ വർഷവും എത്ര തുക നൽകി; ബന്ധപ്പെട്ട സംഘാടക സമിതികൾ എത്ര തുക വീതം സ്വരൂപിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>പോസിറ്റീവ് കേരള മിഷൻ പരിപാടി</u>

5528 ശ്രീ. പി. സി. വിഷ്ണുനാഥ്
'' വി. റ്റി. ബൽറാം
'' ഷാഫി പറമ്പിൽ
'' ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ പോസിറ്റീവ് കേരള മിഷൻ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പരിപാടി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുകയുണ്ടായി; വിശദമാക്കാമോ;

(ഡി) പ്രസ്തുത പരിപാടികളുമായി ആരെല്ലാമാണ് സഹകരിച്ചത്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

യുവജന കമ്മീഷൻ

5529 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജന കമ്മീഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ;

(ബി) യുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിനും യുവാക്കളുടെ തൊഴിൽ സ്ഥലത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും കമ്മീഷൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

<u>സംരംഭകത്വ പരിശീലന പരിപാടി</u>

5530 ശ്രീ. ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് നിലവിൽ സ്പോർട്സ് കിറ്റ് വിതരണം ചെയ്യുന്നുണ്ടോ; അത് ആർക്കെല്ലാമാണ് നൽകി വരുന്നത്;

(ബി) നിലവിൽ വിതരണം ഇല്ലായെങ്കിൽ എന്ന് വിതരണം ചെയ്യും; യുവജനക്ഷേമ ബോർഡിന്റെ സംരംഭകത്വ പരിശീലന പരിപാടി ആരുമായി ചേർന്നാണ് നടത്തുന്നത്; എത്ര ജില്ലകളിൽ ഈ പരിശീലന പരിപാടി നടത്തിക്കഴിഞ്ഞു; എത്ര പേർ പുതിയ സംരംഭങ്ങൾ തുടങ്ങി ; ഇത് സംബന്ധിച്ച സ്ഥിതിവിവര കണക്കുകൾ നൽകുമോ;

(സി) നിലവിൽ യുവജനക്ഷേമ ബോർഡ് എന്തെങ്കിലും വായ്പയോ സഹായമോ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഗണിക്കുമോ;

(ഡി) സംരംഭകത്വ പരിശീലന പരിപാടിയിൽ പങ്കെടുത്തുകഴിഞ്ഞ യുവാക്കൾക്കു വായ്പ നൽകുന്ന കാര്യം പരിഗണിക്കുമോ;

(ഇ) സർക്കാരിന്റെ സംരഭകത്വ വികസന മിഷനുമായി ഇതിനെ ബന്ധപ്പെടുത്താൻ കഴിയുമോ?

# കേരള നിയമസഭ
## 01.07.2014-ലെ മറുപടിക്ക്

കേരളാ സ്റ്റേറ്റ് യൂത്ത് കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ

T5531 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് യൂത്ത് കമ്മീഷന്റെ പ്രവർത്തന ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ചെയർമാൻ, അംഗങ്ങൾ എന്നിവരെ തെരഞ്ഞെടുത്തത് എന്തൊക്കെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 01.07.2014-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് യൂത്ത് കമ്മീഷൻ അംഗങ്ങളുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത, വാഹനചെലവുകൾ.</u>

T5532 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് യൂത്ത് കമ്മീഷൻ പ്രവർത്തനം തുടങ്ങിയതിനുശേഷം അംഗങ്ങളുടെ ശമ്പളം, അലവൻസുകൾ, യാത്രാബത്ത, വാഹനചെലവുകൾ തുടങ്ങിയ ഇനങ്ങളിൽ എത്ര തുക ചെലവഴിച്ചുയെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) യൂത്ത് കമ്മീഷൻ എത്ര റിപ്പോർട്ടുകൾ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്; പ്രസ്തുത റിപ്പോർട്ടുകളിൻമേൽ സ്വീകരിക്കപ്പെട്ടിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും വിശദമാക്കുമോ?

**കേരള നിയമസഭ**
**01.07.2014–ലെ മറുപടിക്ക്**

<u>മൃഗശാലകളുടെ എണ്ണവും സ്ഥല സൗകര്യവും</u>

5533 ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും**
**മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര മൃഗശാലകളാണ് പ്രവർത്തിക്കുന്നത് ; ഇത് ഏതൊക്കെ ജില്ലകളിലാണന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് അനുമതി ഇല്ലാത്ത ഏതെങ്കിലും മൃഗശാലകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചില മൃഗശാലകളിലെ മൃഗങ്ങൾക്ക് ചലിക്കാൻ ആവശ്യമായ സ്ഥലം സൗകര്യം ലഭ്യമാകാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജൂൺ 22.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമാക്കേണ്ടതാണ്. [ചട്ടം 47(1)]

'T' ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.